>> മുഖക്കുറിപ്പ്

# നമ്മുടെ ജനപ്രതിനിധികൾ

**ഏതു** രാജ്യത്തിന്റെയും ഭരണസംവിധാനം നിലനിൽക്കുന്നത് സുപ്രധാനമായ മൂന്ന് സ്തംഭങ്ങളിലാണ്. നിയമനിർമാണം (Legislation), ഭരണനിർവഹണം (Executive), നീതിന്യായം (Judiciary). ഈ മൂന്ന് സ്തംഭങ്ങളുടെ ആർജവത്തെയും ശക്തിയെയും കാര്യക്ഷമതയെയും ആശ്രയിച്ചിരിക്കുന്നു രാഷ്ട്രത്തിന്റെ ഭദ്രതയും സാമൂഹികനീതിയുടെ നിലവാരവും. ഈ സ്തംഭങ്ങളിലോരോന്നും പുലർത്തുന്ന ഉത്തരവാദിത്വബോധവും ജനസേവന താൽപര്യവുമാണ് അവയുടെ ശക്തിയും ചൈതന്യവും. രാഷ്ട്രസ്തംഭങ്ങൾക്ക് സംഭവിക്കുന്ന ശക്തിക്ഷയം മൊത്തം ജനജീവിതത്തെ ബാധിക്കാതെ തരമില്ല. അതുകൊണ്ട് നമ്മുടെ ലെജിസ്ലേച്ചറിനെയും എക്സിക്യൂട്ടീവിനെയും ജുഡീഷ്യറിയെയും ജീർണതകൾ ബാധിക്കുന്നുവോ എന്ന് പൗരസഞ്ചയം ജാഗ്രതയോടെ നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതുണ്ട്. ജനാധിപത്യ വ്യവസ്ഥയിൽ അതിനു ഉദാരമായ സൗകര്യങ്ങളുണ്ട്. ഈ നിരീക്ഷണം പ്രായോഗിക തലത്തിൽ പ്രതിഫലിക്കേണ്ട സന്ദർഭമാണ് തെരഞ്ഞെടുപ്പുകൾ. ഇന്ത്യൻ ജനത അടുത്ത മാസം 15-ാം ലോക്സഭാ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണല്ലോ. പാർട്ടികളുടെയും മുന്നണികളുടെയും അവകാശവാദങ്ങൾക്കും പ്രകടനപത്രികകൾക്കുമപ്പുറം ഈയൊരു പരിപ്രേക്ഷ്യവും കൂടി തെരഞ്ഞെടുപ്പിനെ സമീപിക്കുമ്പോൾ നമ്മുടെ മുന്നിലുണ്ടായിരിക്കണം.

ഇന്ത്യൻ സംവിധാനത്തിന്റെ മൂന്നു സ്തംഭങ്ങളെയും ജീർണത ബാധിച്ച ഒരു സാഹചര്യത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. നിയമനിർമാണ വിഭാഗവും ഭരണനിർവഹണ വിഭാഗവും അഴിമതിയിലും കെടുകാര്യസ്ഥതയിലും കുളിച്ചുനിൽക്കുകയാണ്. ജുഡീഷ്യറിയുടെ പ്രവർത്തനം താരതമ്യേന മെച്ചമാണെങ്കിലും ജീർണതയുടെ ലക്ഷണങ്ങൾ അവഗണിക്കാനാവാത്തവണ്ണം അതിലും കണ്ടുതുടങ്ങിയിരിക്കുന്നു. നീതി ലഭിക്കാനുള്ള കാലതാമസം നീതിന്യായ സംവിധാനത്തിന്റെ ലക്ഷ്യം പാഴാക്കിക്കൊണ്ടിരിക്കുകയാണ്. കോടതികളിലുള്ള വിശ്വാസവും മതിപ്പും സാധാരണക്കാരിൽ ക്ഷയിച്ചുവരികയും ചെയ്യുന്നു. ഭരണനിർവഹണരംഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുറ്റിപ്പറ്റിയുള്ള ആരോപണങ്ങളാൽ മുഖരിതമാണ്. നന്നായി അഴിമതി നടത്താൻ കഴിവുള്ളവർക്കാണ് ഇപ്പോൾ സമർഥനായ ഉദ്യോഗസ്ഥൻ എന്ന പ്രതിഛായ ലഭിക്കുന്നത്.

അതിനേക്കാൾ പരിതാപകരമാണ് ലെജിസ്ലേച്ചറിന്റെ കാര്യം. നിയമസഭകളിലെ നിയമനിർമാണവും ചോദ്യോത്തരവും ചർച്ചയും വിശ്വാസവോട്ടും എല്ലാം കച്ചവടമാണ്. പോലീസിനെ പേടിച്ച് ഒളിവിൽ പോകേണ്ടിവരുന്ന മന്ത്രിമാർ. ജയിലിൽ കിടക്കുന്ന എം.പിമാർ. പാർലമെന്റിൽ ചോദ്യംചോദിക്കുന്നതിന് കോഴ. കൂറുമാറി വോട്ടു ചെയ്യാൻ കോടികൾ കൈപ്പറ്റുന്നവർ. നമ്മുടെ നിയമനിർമാണസഭാംഗങ്ങളെക്കുറിച്ച് ദിനേന പത്രങ്ങൾ വെളിപ്പെടുത്തുന്ന വാർത്തകൾ ലജ്ജിച്ചു തലതാഴ്ത്താതെ വായിക്കാനാവില്ല എന്നതാണവസ്ഥ. ലെജിസ്ലേച്ചറാണ് എക്സിക്യൂട്ടീവിനെയും ജുഡീഷ്യറിയെയും നിയന്ത്രിക്കുന്നത്. അതിനെ ഗ്രസിക്കുന്ന ജീർണതകൾ മറ്റു രണ്ട് സ്തംഭങ്ങളിലേക്കും പടരുക സ്വാഭാവികം. ഈ പരിണതി ഒഴിവാക്കാൻ ആദ്യം നേരെയാവേണ്ടത് രാജ്യത്തെയും ജനങ്ങളെയും പ്രതിനിധീകരിക്കുന്ന നിയമനിർമാണ സഭകളാണ്.

കഴിഞ്ഞ ലോക്സഭയെക്കുറിച്ച് ഈയിടെ പുറത്തുവന്ന ഒരു കണക്ക് ഈ ഘട്ടത്തിൽ ഇന്ത്യൻ ജനത സവിശേഷം പരിഗണിക്കേണ്ടതാണ്. പ്രാദേശികവും ദേശീയവുമായി ചെറുതും വലുതുമായ 93 പാർട്ടികൾക്കാണ് പോയ സഭയിൽ അംഗത്വമുണ്ടായിരുന്നത്. അതിൽ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന മുഖ്യകക്ഷികളുൾപ്പെടെ പതിനെട്ട് പാർട്ടികളുമായി ബന്ധപ്പെട്ട മെമ്പർമാർ ക്രിമിനൽ കുറ്റം ചുമത്തപ്പെട്ടവരോ വിചാരണ നേരിടുന്നവരോ ആണ്. ഉദാഹരണമായി, ഝാർഖണ്ഡ് മുക്തി മോർച്ചയുടെ അഞ്ചംഗങ്ങളിൽ കുറ്റമുക്തരായി ആരും ഇല്ല. അഞ്ചു പേരും ക്രിമിനൽ കേസുകളിൽ പ്രതികളാണ്. ശിവസേനയുടെ 12-ൽ 7, എൻ.സി.പിയുടെ 9-ൽ 5, അകാലിദളിന്റെ 8-ൽ 4, ബി.എസ്.പിയുടെ 19-ൽ 8, ജനതാദൾ യുനൈറ്റഡിന്റെ 8-ൽ 3, രാഷ്ട്രീയ ജനതാദളിന്റെ 24-ൽ 11, ഫോർവേഡ് ബ്ലോക്കിന്റെ 3-ൽ 1, എസ്.പിയുടെ 36-ൽ 11, സി.പി.ഐയുടെ 10-ൽ 3, ഡി.എം.കെയുടെ 16-ൽ 4, അണ്ണാ ഡി.എം.കെയുടെ 4-ൽ 1, ലോക്ജനശക്തിയുടെ 4-ൽ 1, ബി.ജെ.പിയുടെ 136-ൽ 39, കോൺഗ്രസ്സിന്റെ 145-ൽ 26, സി.പി.എമ്മിന്റെ 43-ൽ 7, ബിജു ജനതാദളിന്റെ 11-ൽ 1 എന്നിങ്ങനെ പോകുന്നു പാർലമെന്റിൽ നമ്മെ പ്രതിനിധീകരിക്കുന്ന ക്രിമിനൽ പുള്ളികളുടെ കണക്ക്. രാഷ്ട്രത്തെയും ജനങ്ങളെയും നയിക്കാൻ നാം തെരഞ്ഞെടുത്ത ബഹുമാന്യരായ പ്രതിനിധികളിൽ 25 ശതമാനവും ജയിലിൽ കിടക്കേണ്ട കുറ്റവാളികളാണ് എന്നാണിത് കാണിക്കുന്നത്. മൊത്തം ജനങ്ങളുടെ കണക്കെടുത്താൽ അതിന്റെ ഒന്നോ രണ്ടോ ശതമാനമേ ക്രിമിനലുകളുണ്ടാകൂ എന്നോർക്കണം. നിയമനിർമാണ സഭാംഗങ്ങൾ ഇത്തരക്കാരായതുകൊണ്ടാണ് സഭകൾ ബഹളമുഖരിതമാകുന്നതും ഗൗരവമേറിയ ബില്ലുകളിൽ പോലും യാതൊരു ചർച്ചയും നടക്കാതെ പോകുന്നതും. ഇപ്പോഴത്തെ അംഗങ്ങൾ ഇനിയും സഭയിലെത്താതിരിക്കട്ടെ എന്ന് ലോക്സഭാ സ്പീക്കർക്ക് ശപിക്കേണ്ടിവന്നതും അതുകൊണ്ടുതന്നെ. സ്പീക്കർ തന്റെ സഹപ്രവർത്തകരെ സന്തോഷിപ്പിക്കാൻ പിന്നീട് ശാപം പിൻവലിച്ചുവെങ്കിലും ജനങ്ങൾ ആ ശാപം മുഖവിലക്കെടുക്കുകതന്നെ വേണം. കുറ്റവാളികളും തെമ്മാടികളും തന്നെയാണോ അടുത്ത ലോക്സഭയിലും നമ്മെ പ്രതിനിധീകരിക്കേണ്ടതെന്ന് അവർ ഉറക്കെ ചിന്തിക്കണം.

രാഷ്ട്രഗാത്രത്തെ കാർന്നുതിന്നുന്ന ജീർണതകളെക്കുറിച്ച് പൗരസഞ്ചയം ബോധവാന്മാരാവുകയും അത് പരിഹരിക്കാനുള്ള ഇഛാശക്തി പ്രകടിപ്പിക്കുകയും വേണം. അല്ലെങ്കിൽ ജനാധിപത്യം നിരർഥകമായിത്തീരും. ലെജിസ്ലേച്ചറിനെയും എക്സിക്യൂട്ടീവിനെയും ജുഡീഷ്യറിയെയും ഗ്രസിക്കുന്ന രോഗങ്ങൾ ക്രമേണ ജനജീവിതത്തെ പൂർണമായി കീഴടക്കും. യഥാസമയം കണ്ടെത്തുകയും നിയന്ത്രിക്കുകയും ചെയ്തില്ലെങ്കിൽ ഫലം അത്യാപത്കരവും ഭയാനകവുമായിരിക്കും. ■